## പതിമൂന്നാം കേരള നിയമസഭ
## എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 40 — 18.03.2013-ൽ മറുപടിയ്ക്ക്

### റെയിൽ ധനകാര്യ ബഡ്ജറ്റുകൾ അവതരിപ്പിച്ചതിനു ശേഷം മുഖ്യമന്ത്രിയുടെ നേതൃത്വത്തിലുള്ള മന്ത്രിമാരുടെ ഡൽഹി യാത്ര

| | ചോദ്യം<br>ശ്രീ. കെ. സുരേഷ് കുറുപ്പ് | | ഉത്തരം<br>ശ്രീ. ഉമ്മൻചാണ്ടി<br>(മുഖ്യമന്ത്രി) |
|---|---|---|---|
| (എ) | പാർലമെന്റിൽ റെയിൽവേ ബഡ്ജറ്റും ധനകാര്യ ബഡ്ജറ്റും അവതരിപ്പിച്ചതിനു ശേഷം കേരളത്തിന്റെ ആവശ്യങ്ങൾ നേടിയെടുക്കുന്നതിനായി മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ ഡൽഹിയിൽ പോയ സംഘത്തിൽ എത്ര മന്ത്രിമാരും ഉദ്യോഗസ്ഥന്മാരും പേഴ്സണൽ സ്റ്റാഫ് അംഗങ്ങളും ഉണ്ടായിരുന്നു ; | (എ) | മുഖ്യമന്ത്രിയടക്കം എട്ടു മന്ത്രിമാരും ചീഫ് സെക്രട്ടറിയും മറ്റു ഉന്നത ഉദ്യോഗസ്ഥരുമടക്കം 15 അംഗങ്ങൾ സംഘത്തിലുണ്ടായിരുന്നു. |
| (ബി) | പ്രസ്തുത സന്ദർശനത്തിന് മുഖ്യമന്ത്രി, മന്ത്രിമാർ, ഉദ്യോഗസ്ഥന്മാർ, പേഴ്സണൽ സ്റ്റാഫ് അംഗങ്ങൾ തുടങ്ങി എല്ലാവർക്കുമായി യാത്രാപ്പടി, ഡി.എ., വിമാന യാത്രാക്കൂലി, അക്കോമഡേഷൻ തുടങ്ങി എന്തെല്ലാം ഇനത്തിൽ എന്തു തുക സംസ്ഥാന ഖജനാവിൽ നിന്നും ചെലവാകുമെന്ന് വെളിപ്പെടുത്തുമോ ; | (ബി) | അവരവരുടെ റ്റി.എ/ഡി.എ ക്ലെയിം ചെയ്ത് അത് അനുവദിക്കുമ്പോൾ മാത്രമേ എത്ര രൂപ ചിലവായി എന്ന് കണക്കാക്കാൻ കഴിയുകയുള്ളൂ. |
| (സി) | സംഘത്തിന്റെ പ്രസ്തുത യാത്രയ്ക്കു ശേഷം സംസ്ഥാനത്തിന് ബഡ്ജറ്റ് നിർദ്ദേശങ്ങളിൽ മാറ്റം വരുത്തിക്കൊണ്ട് പുതുതായി പാർലമെന്റിൽ പ്രഖ്യാപിക്കപ്പെട്ട നേട്ടങ്ങൾ എന്തൊക്കെയായിരുന്നു; വിശദമാക്കാമോ ? | (സി) | ഇതു സംബന്ധിച്ച അന്തിമ പ്രഖ്യാപനങ്ങൾ പാർലമെന്റിൽ ബഡ്ജറ്റ് പ്രസംഗത്തിനുള്ള മറുപടി യിൽ പ്രതീക്ഷിക്കുന്നു. 13.03.13-ന് റെയിൽ ബഡ്ജറ്റിന്റെ മറുപടി പ്രസംഗത്തിൽ, കേന്ദ്ര റെയിൽവേ മന്ത്രി കേരളത്തിന് പുതുതായി 4 തീവണ്ടികൾ പ്രഖ്യാപിച്ചു. കൂടാതെ, ബഡ്ജറ്റിൽ പ്രഖ്യാപിച്ചിരുന്ന പ്രതിവാര തീവണ്ടി കളായ കൊച്ചുവേളി-ലോകമാന്യതിലക് എക്സ്പ്രസ്സ്, കോഴിക്കോട്, പാലക്കാട് വഴിയുള്ള കാഞ്ചിഗുഡ-മംഗലപുരം എന്നിവ ആഴ്ചയിൽ രണ്ടു തവണയാക്കിയും തിരുവനന്തപുരം-കോഴിക്കോട് ജനശതാബ്ദി കണ്ണൂർ |

| | | | |
|---|---|---|---|
| | | | വരെയും കോഴിക്കോട്-ഷൊറണ്ണൂർ പാസഞ്ചർ തൃശ്ശൂർ വരെയും നീട്ടിക്കൊണ്ട് റെയിൽവേ മന്ത്രി പ്രഖ്യാപനം നടത്തുകയുണ്ടായി. അതോടൊപ്പം പാലക്കാട് കോച്ച് ഫാക്ടറി നടപ്പാക്കുന്ന കാര്യം മന്ത്രി ഉറപ്പു നൽകുകയും ചെയ്തു. അതോടൊപ്പം കൊച്ചി-മധുര പാതയ്ക്കും നഞ്ചൻകോഡ്-നിലമ്പൂർ പാതയ്ക്കും സർവ്വേ നടപടി ത്വരിതപ്പെടുത്തുമെന്നും മന്ത്രി, ലോക സഭയിൽ അറിയിക്കുകയുണ്ടായി. വരൾച്ച ദുരിതാശ്വാസത്തിനായി കേന്ദ്ര സർക്കാർ ഇപ്പോൾ 62.61 കോടി രൂപ അനുവദിച്ചു പ്രഖ്യാപനമായിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ